**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2111** **01-09-2022 - ൽ മറുപടിയ്ക്ക്**

**അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സംബന്ധിച്ച ഗവേഷണങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും സംസ്ഥാനത്ത് ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.07.2022 ൽ ഒരു യോഗം ചേരുകയും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.** |
| (ബി) | ഇതിനുള്ള ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; ഇതു സംബന്ധിച്ച പദ്ധതി രൂപരേഖ തയ്യാറായോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | **സംസ്ഥാനത്ത് സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും സംസ്ഥാനത്ത് ഒരു ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.07.2022 ൽ ഒരു യോഗം ചേരുകയും യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.** |

സെക്ഷൻ ഓഫീസർ